# മധുരമായ കുട്ടികളേ, നിങ്ങൾ ഈ ആത്മീയ യൂനിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളാണ്, മുഴുവൻ വിശ്വത്തിനും ബാബയുടെ സന്ദേശം കൊടുക്കുക എന്നതാണ് നിങ്ങളുടെ ജോലി.

**ചോദ്യം –** ഇപ്പോൾ നിങ്ങൾ കുട്ടികൾ ഏതൊരു പെരുമ്പറയാണ് മുഴക്കുന്നത്, ഒപ്പം ഏതൊരു കാര്യമാണ് മനസ്സിലാക്കി കൊടുക്കുന്നത്?
**ഉത്തരം–** പുതിയ രാജധാനിയുടെ സ്ഥാപന വീണ്ടും നടന്നുകൊണ്ടിരിക്കുകയാണ്, ഈ പെരുമ്പറയാണ് മുഴക്കുന്നത്. ഇപ്പോൾ അനേക ധർമ്മങ്ങളുടെ വിനാശം നടക്കണം. ഇത് വിശ്വവ്യാപകമായി നടക്കുന്ന കോലാഹലമാണ് അതിനാൽ നിശ്ചിന്തമായിരിക്കൂ എന്നതാണ് നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നത്. യുദ്ധം തീർച്ചയായും നടക്കും, ഇതിനു ശേഷം ദൈവീക രാജധാനി വരും.

**ഓം ശാന്തി**. ഇത് ആത്മീയ സർവ്വകലാശാലയാണ്. മുഴുവൻ വിശ്വത്തിലും എത്ര ആത്മാക്കളുണ്ടോ, യൂനിവേഴ്സിറ്റിയിൽ പഠിക്കുന്നത് ആത്മാക്കൾ തന്നെയാണ്. വിശ്വം അർത്ഥം ലോകമാണ്. അപ്പോൾ നിയമമനുസരിച്ച് സർവ്വകലാശാല എന്ന വാക്ക് നിങ്ങൾ കുട്ടികളുടേതാണ്. ഇത് ആത്മീയ സർവ്വകലാശാലയാണ്. ഭൗതികമായ സർവ്വകലാശാലയൊന്നും ഉണ്ടാവുകയില്ല. ഇത് ഒരേ ഒരു ഗോഡ് ഫാദർലി യൂണിവേഴ്സിറ്റിയാണ് .എല്ലാ ആത്മാക്കൾക്കും പാഠം ലഭിക്കുന്നു. തീർച്ചയായും ഏതെങ്കിലും പ്രകാരത്തിൽ നിങ്ങളുടെ സന്ദേശം എല്ലാവർക്കും എത്തണം,സന്ദേശം കൊടുക്കണമല്ലോ മാത്രമല്ല ഈ സന്ദേശം വളരെ സരളമാണ്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മുടെ പരിധിയില്ലാത്ത അച്ഛനെയാണ് ലോകം മുഴുവൻ ഓർമ്മിക്കുന്നത്. ഇങ്ങനെയും പറയാം നമ്മുടെ പരിധിയില്ലാത്ത പ്രിയതമനുമാണ്, വിശ്വത്തിലെ എല്ലാ ജീവാത്മാക്കളും ഓർമ്മിക്കുന്നതും ആ പ്രിയതമനെയാണ്. ഈ പോയിന്റുകളെ നല്ല രീതിയിൽ ധാരണ ചെയ്യണം. ആർക്കാണോ ഉണർവ്വുള്ള ബുദ്ധിയുള്ളത് അവർക്ക് നന്നായി ധാരണ ചെയ്യാൻ കഴിയും. വിശ്വത്തിലെ സർവ്വ ആത്മാക്കളുടേയും അച്ഛൻ ഒരാളാണ്. വിശ്വ വിദ്യാലയത്തിൽ മനുഷ്യർ തന്നെയല്ലേ പഠിക്കുക. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം – നമ്മൾ തന്നെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്. 84 ലക്ഷത്തിന്റെയൊന്നും കാര്യമില്ല. ഈ സമയത്ത് വിശ്വത്തിലെ എല്ലാ ആത്മാക്കളും പതിതരാണ്. ഇത് മോശമായ ലോകമാണ്, ദു:ഖധാമമാണ്. അവരെ സുഖധാമത്തിലേക്ക് കൊണ്ടുപോവുന്നതും ഒരു ബാബയാണ്, ബാബയെ മുക്തിദാതാവെന്ന് പറയുന്നു. നിങ്ങൾ മുഴുവൻ ലോകത്തിന്റെയും അഥവാ വിശ്വത്തിന്റെ അധികാരിയായി മാറുകയാണ്. എല്ലാവർക്കും സന്ദേശം കൊടുത്തിട്ട് വരണം എന്നാണ് ബാബ പറയുന്നത്. ബാബയെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്, വഴികാട്ടിയെന്നും, മുക്തിദാതാവെന്നും ദയാഹൃദയൻ എന്നുമെല്ലാം വിളിക്കുന്നുണ്ട്. അനേകം ഭാഷകളുണ്ടല്ലോ. എല്ലാ ആത്മാക്കളും ഒരാളെയാണ് വിളിക്കുന്നതെങ്കിൽ അവർ ഈ മുഴുവൻ വിശ്വത്തിന്റെയും അധ്യാപകനായില്ലേ. ബാബ അച്ഛൻ തന്നെയാണ് എന്നാൽ സർവ്വ ആത്മാക്കളുടേയും ടീച്ചറും ഗുരുവും കൂടിയാണ് എന്നത് ആർക്കും അറിയില്ല. എല്ലാവർക്കും വഴി കാണിച്ചു തന്നുകൊണ്ടിരിക്കുകയാണ്. ഈ പരിധിയില്ലാത്ത വഴികാട്ടിയെ നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയുള്ളൂ. നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ വേറെ ആർക്കും അറിയില്ല. ആത്മാവ് എന്താണെന്നതും നിങ്ങൾക്ക് അറിയാം. മുഴുവൻ ലോകത്തിലും പ്രത്യേകിച്ച് ഭാരതത്തിൽ ആത്മാവ് എന്താണ് എന്നറിഞ്ഞ ഒരു മനുഷ്യരും ഇല്ല. കേവലം പറയാറുണ്ട് ഭ്രുകുടിയിൽ തിളങ്ങുന്ന വിചിത്രമായ നക്ഷത്രമുണ്ട് എന്ന്. എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്കറിയാം ആത്മാവ് അവിനാശിയാണ്. അത് ഒരിക്കലും ചെറുതോ വലുതോ ആകുന്നില്ല. ഏതുപോലെയാണോ നിങ്ങൾ ആത്മാക്കൾ അതുപോലെ ബിന്ദുവാണ് ബാബയും. ചെറുതോ വലുതോ ആകുന്നില്ല. ബാബയും ആത്മാവാണ് എന്നാൽ പരമാത്മാവാണ്. തീർച്ചയായും എല്ലാ ആത്മാക്കളും പരമമായ ലോകത്തിലെ നിവാസികളാണ് എന്നാൽ ഇവിടെ പാർട്ട് അഭിനയിക്കുന്നതിന് വന്നിരിക്കുകയാണ്. വീണ്ടും തന്റെ പരംധാമത്തിലേക്ക് പോവുന്നതിന് പരിശ്രമം ചെയ്യുകയാണ്. പരംപിതാ പരമാത്മാവിനെ എല്ലാവരും ഓർമ്മിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ ആത്മാക്കളെ മുക്തിയിലേക്ക് അയച്ചത് പരംപിതാവ് തന്നെയാണ്. എല്ലാ ആത്മാക്കളും തമോപ്രധാനമായി. എന്തിനാണ് നമ്മൾ ഓർമ്മിക്കുന്നത്? അതുപോലും അറിയുന്നില്ല. ഏതുപോലെയാണോ കുട്ടികൾ വിളിക്കുന്നത്–അച്ഛൻ എന്ന്,അതുപോലെയാണ് ഇതും . അവർക്ക് ഒന്നും അറിയില്ല. നിങ്ങളും ബാബാ മമ്മാ എന്ന് പറയുന്നുണ്ട്, എന്നാൽ ഒന്നും അറിയുന്നില്ല. ഭാരതീയ സംസ്ക്കാരം ഉണ്ടായിരുന്നു അതിനെ ദൈവീക സംസ്ക്കാരം എന്നാണ് പറയപ്പെട്ടിരുന്നത്. പിന്നീട് ഇതിലേക്ക് പലരും പ്രവേശിച്ചു. ഇപ്പോൾ എത്രയായി തീർന്നു അതുകൊണ്ടാണ് ഇത്രയും

യുദ്ധമെല്ലാം നടക്കുന്നത്. എവിടെയെല്ലാം കൂടുതൽ മനുഷ്യർ നുഴഞ്ഞുകയറുന്നോ അവരെ അവിടെ നിന്നും പുറത്താക്കുന്നതിന് എത്ര പരിശ്രമമാണ് നടക്കുന്നത്. വളരെ യുദ്ധം നടന്നു കഴിഞ്ഞു. വളരെയധികം അന്ധകാരവുമായിക്കഴിഞ്ഞു. എന്തിനും പരിധിയുണ്ടല്ലോ. അഭിനേതാക്കളുടെ എണ്ണത്തിനും പരിധിയില്ലേ. ഇതും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. ഇതിൽ എത്ര അഭിനേതാക്കളുണ്ടോ, ഇത് കൂടുകയോ കുറയുകയോ ചെയ്യില്ല. എപ്പോൾ എല്ലാ അഭിനേതാക്കളും സ്റ്റേജിലേക്ക് എത്തിച്ചേരുന്നുവോ പിന്നീട് തിരിച്ചും പോകണം. എത്ര അഭിനേതാക്കൾ ഇനിയും വരാനുണ്ടോ അവർ വന്നുകൊണ്ടിരിക്കും. എത്ര തന്നെ ജനനനിയന്ത്രണം കൊണ്ടു വരാൻ പരിശ്രമിച്ചിട്ടും അവർക്ക് ചെയ്യാൻ കഴിയില്ല. പറയൂ, ഞങ്ങളും ബി.കെയും ജനനനിരക്ക് നിയന്ത്രണം തന്നെയാണ് ചെയ്യുന്നത് പിന്നീട് കേവലം 9 ലക്ഷം ജനസംഖ്യ മാത്രം ഉണ്ടാകും, പിന്നീട് ജനസംഖ്യ വളരെ കുറവായിരിക്കും. ഞങ്ങൾ പറയുന്നത് സത്യമാണ്, അതിന്റെ സ്ഥാപനയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പുതിയ ലോകവും പുതിയ വൃക്ഷവും തീർച്ചയായും ചെറുതായിരിക്കും. ഇവിടെ ഇതിനെ നിയന്ത്രിക്കാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ തമോപ്രധാനത കൂടിക്കൊണ്ടിരിക്കുകയാണ്. വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഏതെല്ലാം അഭിനേതാക്കളാണോ വരാനുള്ളത് അവർക്ക് ഇവിടെ വന്നിട്ട് തന്നെ ശരീരം എടുക്കണം. ഈ കാര്യങ്ങളെ ഒന്നും ആരും മനസ്സിലാക്കുന്നില്ല. എല്ലാ പ്രകാരത്തിലുമുള്ള അഭിനേതാക്കളും രാജധാനിയിൽ ഉണ്ടാകുമെന്ന് കൂർമ്മ ബുദ്ധിയുള്ളവർ മനസ്സിലാക്കും. സത്യയുഗത്തിൽ ഉണ്ടായിരുന്ന രാജധാനിയുടെ സ്ഥാപന വീണ്ടും നടക്കുകയാണ്. ട്രാൻസ്ഫർ ആകണം. നിങ്ങൾ ഇപ്പോൾ തമോപ്രധാനമായ ക്ലാസ്സിൽ നിന്ന് സതോപ്രധാനമായ ക്ലാസ്സിലേക്ക് ട്രാൻഫർ ആകുകയാണ്. പഴയ ലോകത്തിൽ നിന്ന് പുതിയ ലോകത്തിലേക്ക് പോവുകയാണ്. നിങ്ങൾ പഠിക്കുന്നത് ഈ ലോകത്തിലേക്ക് വേണ്ടിയല്ല. ഇങ്ങനെയൊരു വിശ്വവിദ്യാലയം വിശ്വത്തിൽ വേറെ ഉണ്ടാവുകയില്ല. ഗോഡ് ഫാദർ തന്നെയാണ് പറയുന്നത് ഞാൻ നിങ്ങളെ അമരലോകത്തിലേക്ക് കൊണ്ടു പോകുന്നതിന് വേണ്ടിയാണ് പഠിപ്പിക്കുന്നത്. ഈ മൃത്യുലോകം ഇല്ലാതാവുക തന്നെ ചെയ്യും. സത്യയുഗത്തിൽ ഈ ലക്ഷ്മി നാരായണന്റെ രാജധാനിയായിരുന്നു. അതിന്റെ സ്ഥാപന എങ്ങനെയാണ് നടക്കുന്നത്, ഇത് ആർക്കും അറിയില്ല.

ബാബ എപ്പോഴും പറയാറുണ്ട് എവിടെയെല്ലാം നിങ്ങൾ പ്രഭാഷണങ്ങൾക്ക് പോകുന്നുണ്ടോ അവിടെയെല്ലാം നിങ്ങൾ ലക്ഷ്മി നാരായണന്റെ ചിത്രം വെക്കു. ഇതിൽ വർഷവും എഴുതിയിരിക്കണം. നിങ്ങൾ കുട്ടികൾക്ക് ഇതും മനസ്സിലാക്കി കൊടുക്കാം വിശ്വത്തിന്റെ ആരംഭം മുതൽ 1250 വർഷം വരേക്കും രാജ്യത്തിൽ ഈ ധർമ്മമായിരുന്നു. ഏതുപോലെയാണോ പറയാറില്ലേ –ക്രിസ്ത്യൻ ധർമ്മത്തിന്റെ രാജ്യമായിരുന്നു എന്നെല്ലാം. ഒന്നിന് പിന്നിലായി എല്ലാം വന്നു. അതിനാൽ ഈ ദേവതാ ധർമ്മം എന്നാണോ ഉണ്ടായിരുന്നത് അന്ന് വേറെ ധർമ്മമൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ വീണ്ടും ആ രാജധാനിയുടെ സ്ഥാപന നടക്കുകയാണ്. ബാക്കി എല്ലാത്തിനും വിനാശം സംഭവിക്കും. യുദ്ധവും സമീപത്താണ്. ഭാഗവതത്തിൽ എല്ലാം ഇതിനെക്കുറിച്ച് കഥ എഴുതിയിട്ടുണ്ട്. കുട്ടിക്കാലത്ത് ഈ കഥകളെല്ലാം കേട്ടിരിക്കുമായിരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഈ രാജധാനി എങ്ങനെയാണ് സ്ഥാപിക്കപ്പെടുന്നത്.തീർച്ചയായും രാജയോഗം അഭ്യസിപ്പിക്കുന്നത് ബാബ തന്നെയായിരിക്കുമല്ലോ. ആരാണോ പാസ്സാകുന്നത് അവർ വിജയമാലയിലെ മണിയാകും എന്നാൽ ചിലർക്കാണെങ്കിൽ ആ മാലയെക്കുറിച്ച് അറിയുകയേ ഇല്ല. നിങ്ങൾക്കു മാത്രമേ അറിയൂ. നിങ്ങളുടേത് പ്രവൃത്തി മാർഗ്ഗമാണ്. ബാബ മുകളിലുണ്ട്, എന്നാൽ ബാബക്ക് തന്റേതായ ശരീരമില്ല. പിന്നെ ബ്രഹ്മാ സരസ്വതിയിൽ നിന്നും ലക്ഷ്മി നാരായണൻ. ആദ്യം ഉള്ളത് ബാബയാണ് പിന്നെയാണ് ജോടികളുള്ളത്. രുദ്രാക്ഷത്തിൽ മണികളുണ്ടാവില്ലേ. നേപ്പാളിൽ ഒരു വൃക്ഷമുണ്ട് അവിടെ നിന്നാണ് ഈ രുദ്രാക്ഷത്തിന്റെ മണികൾ വരുന്നത്. അതിൽ സത്യമായതും ഉണ്ടാകും. എത്ര ചെറുതാണോ അത്രയും വില കൂടുതലായിരിക്കും. ഇപ്പോൾ നിങ്ങൾ അർത്ഥം മനസ്സിലാക്കുന്നില്ലേ. ഇത് വിഷ്ണുവിന്റെ രുണ്ഡ് മാല അഥവാ വിജയമാലയാകും. മനുഷ്യരാണെങ്കിൽ രാമ രാമ എന്ന് മാല ജപിച്ചുക്കൊണ്ടിരിക്കുന്നു എന്നാൽ അർത്ഥമൊന്നും അറിയുന്നില്ല. മാല ജപിക്കുന്നുണ്ട്. ഇവിടെ എന്നെ ഓർമ്മിക്കു എന്നാണ് ബാബ പറയുന്നത്. ഇത് അജപാജപമാണ്. വായ കൊണ്ട് ഒന്നും ജപിക്കേണ്ട ആവശ്യമില്ല. ഗീതങ്ങളും സ്ഥൂലമല്ലേ. കുട്ടികൾക്ക് കേവലം ബാബയുടെ ഓർമ്മയിൽ ഇരിക്കേണ്ട കാര്യമാണ് ഉള്ളത്. അല്ലെങ്കിൽ നിങ്ങൾക്ക് ആ പാട്ടുകൾ ഓർമ്മ വരും. ഓർമ്മയാണ് ഇവിടെ മുഖ്യമായ കാര്യം. നിങ്ങൾക്ക് ശബ്ദത്തിൽ നിന്ന് ഉപരി പോകണം. ബാബയുടെ നിർദേശമാണ് മൻമനാഭവ. ബാബ പാട്ടു പാടാനും തുള്ളി ചാടാനൊന്നും പറയുന്നില്ല. ബാബ പറയുകയാണ് നിങ്ങൾക്ക് എന്റെ മഹിമ പോലും പാടേണ്ട ആവശ്യമില്ല. ഇതും നിങ്ങൾക്ക് അറിയാം ബാബ ജ്ഞാനത്തിന്റെയും, സുഖ ശാന്തിയുടെയും സാഗരനാണ്. മനുഷ്യർക്ക് ഇതൊന്നും അറിയില്ല. ഇങ്ങനെ പേരുകളൊക്കെ നൽകിയിട്ടുണ്ട്. നിങ്ങൾക്ക് അല്ലാതെ ഇതൊന്നും വേറെ ആർക്കും അറിയില്ല. ഞാൻ എങ്ങനെയാണുള്ളത്, എന്റെ നാമ രൂപമെന്താണ്, നിങ്ങൾ ആത്മാക്കൾ എങ്ങനെയാണ് ഇതെല്ലാം

ബാബയാണ് മനസ്സിലാക്കി തരുന്നത്. പാർട്ട് അഭിനയിക്കുന്നതിന് നിങ്ങൾ വളരെ പരിശ്രമിക്കുന്നുണ്ട്. അരകല്പം നിങ്ങൾ ഭക്തി ചെയ്തു, ഞാൻ അങ്ങനെയുള്ള പാർട്ടിലേക്ക് വരുന്നില്ല. ഞാൻ സുഖത്തിൽ നിന്നും ദു:ഖത്തിൽ നിന്നും വേറിട്ടവനാണ്. ദു:ഖം അനുഭവിക്കുന്നതും നിങ്ങളാണ് അതുപോലെ സത്യയുഗത്തിൽ സുഖം അനുഭവിക്കുന്നതും നിങ്ങളാണ്. എന്റേതിനെക്കാളും ഉയർന്നതാണ് നിങ്ങളുടെ പാർട്ട്. ഞാനാണെങ്കിൽ അരകല്പം വാനപ്രസ്ഥത്തിൽ വിശ്രമത്തിലായിരിക്കും. നിങ്ങൾ വിളിച്ചു കൊണ്ട് വന്നതും എന്നെയാണ്. ഞാൻ അവിടെ ഇരുന്നുകൊണ്ട് നിങ്ങളുടെ വിളി കേൾക്കുന്നു അങ്ങനെയും അല്ല. ഈ സമയത്താണ് എനിക്ക് പാർട്ട് ഉള്ളത്. ഡ്രാമയിലെ പാർട്ട് എനിക്കറിയാം. ഇപ്പോൾ ഡ്രാമ പൂർത്തിയായി, പതിതരെ പാവനമാക്കുന്നതിന്റെ പാർട്ട് എനിക്ക് വന്ന് അഭിനയിക്കണം വേറെ ഒരു കാര്യവുമില്ല. പരമാത്മാവ് സർവ്വശക്തിവാനാണ്, ഉള്ളറിയുന്നവനാണ് എന്നെല്ലാമാണ് മനുഷ്യർ മനസ്സിലാക്കുന്നത്. എല്ലാവരുടേയും ഉള്ളിൽ എന്തെല്ലാമാണ് നടക്കുന്നത്, അതെല്ലാം അറിയുന്നു എന്നാണ് ചിന്തിക്കുന്നത്. ബാബ പറയുകയാണ് അങ്ങനെയൊന്നും അല്ല. എപ്പോഴാണോ നിങ്ങൾ തീർത്തും തമോപ്രധാനമാകുന്നത് അപ്പോൾ കൃത്യമായ സമയത്ത് എനിക്കും വരേണ്ടി വരുന്നു. സാധാരണ ശരീരത്തിലേക്കാണ് വരുന്നത്. നിങ്ങൾ കുട്ടികളെ ദു:ഖത്തിൽ നിന്നും മോചിപ്പിക്കും. ബ്രഹ്മാവിലൂടെ ഒരു ധർമ്മത്തിന്റെ സ്ഥാപനയും, ശങ്കരനിലൂടെ അനേക ധർമ്മങ്ങളുടെ വിനാശവും...നിലവിളിക്കു ശേഷം ജയജയാരവം മുഴങ്ങും. എത്ര നിലവിളിയാണ് ഉണ്ടാകാൻ പോകുന്നത്. അപകടങ്ങളിൽ മരണങ്ങൾ ഉണ്ടാകും. പ്രകൃതി ക്ഷോഭങ്ങളും വളരെ സഹായം ചെയ്യും. അല്ലെങ്കിൽ മനുഷ്യർ വളരെ ദു:ഖികളും രോഗികളുമാകും. ബാബ പറയുകയാണ് കുട്ടികൾ വളരെ ദു:ഖികളായി ഇരിക്കാതിരിക്കാനാണ് പ്രകൃതി ക്ഷോഭങ്ങളും വളരെ ശക്തിയോടെ വന്ന് എല്ലാം നശിപ്പിക്കുന്നത്. ബോംബുകൾ ഒന്നുമല്ല, പ്രകൃതി ക്ഷോഭങ്ങൾ വളരെയധികം സഹായിക്കും. ഭൂകമ്പത്തിൽ ധാരാളം പേർ ഇല്ലാതാകും. വെള്ളത്തിന്റെ ഒന്നോ രണ്ടോ തിരമാല വന്നാൽ തന്നെ എല്ലാം നശിക്കും. സമുദ്രം കുതിച്ച് പൊങ്ങും. കരയെ വിഴുങ്ങും, 100 അടി വെള്ളം ഉയർന്നാൽ എന്തു ചെയ്യും. അതായിരിക്കും നിലവിളിയുടെ സീൻ. ഇങ്ങനെയുള്ള സീനുകൾ കാണുന്നതിന് ധൈര്യം വേണം. പരിശ്രമവും ചെയ്യണം, നിർഭയരായിട്ട് ഇരിക്കണം. നിങ്ങൾ കുട്ടികളിൽ കുറച്ച് പോലും അഹങ്കാരം ഉണ്ടായിരിക്കരുത്. ദേഹി അഭിമാനിയാകണം. ദേഹി അഭിമാനികൾ വളരെ മധുരമായിരിക്കും. ബാബ പറയുകയാണ് – ഞാൻ നിരാകാരനും വിചിത്രനുമാണ്. സേവനത്തിന് വേണ്ടിയാണ് ഇവിടേക്ക് വന്നിരിക്കുന്നത്. എന്നെക്കുറിച്ച് എത്ര പൊങ്ങച്ചമാണ് പറയുന്നത് എന്ന് നോക്കു. ജ്ഞാന സാഗരനാണ്. ഹേ പിതാവേ എന്ന് വിളിച്ച് പിന്നീട് പറയും ഈ പതിത ലോകത്തിലേക്ക് വരൂ എന്ന്. നിങ്ങൾ വളരെ നല്ല ക്ഷണമാണ് തരുന്നത്. വരൂ വന്ന് സ്വർഗ്ഗത്തിലെ സുഖം കാണൂ എന്നൊന്നും പറയുന്നില്ല. ഹേ പതിത പാവനാ ഞങ്ങൾ പതിതരാണ്, ഞങ്ങളെ പാവനമാക്കാൻ വരൂ എന്നാണ് വിളിക്കുന്നത്. ക്ഷണം എങ്ങനെയുണ്ടെന്ന് നോക്കു. തീർത്തും തമോപ്രധാനമായ പതിത ലോകത്തിലെ പതിത ശരീരത്തിലേക്കാണ് വിളിക്കുന്നത്. ഭാരതവാസികൾ വളരെ നല്ല ക്ഷണമാണ് തരുന്നത്. ബാബ എപ്പോഴാണ് ശരീരത്തിലേക്ക് പ്രവേശിക്കുന്നത് അപ്പോഴാണ് ഇതെല്ലാം പറഞ്ഞു തരുന്നത്. ബാബ ഓരോ കാര്യത്തിന്റേയും രഹസ്യമാണ് മനസ്സിലാക്കി തരുന്നത്. ബ്രഹ്മാവിന് തന്നെ പത്നിയാകണം. ബാബ സ്വയം പറയുകയാണ്–ഇതാണ് പത്നിയെന്ന്. ഞാൻ ഇതിലേക്ക് പ്രവേശിച്ചാണ് നിങ്ങളെ എന്റെതാക്കി മാറ്റുന്നത്. ഇത് സത്യം സത്യമായ വലിയ അമ്മയാണ് അപ്പോൾ അവർ ദത്തെടുക്കപ്പെട്ട അമ്മയുമാണ്. മാതാ പിതാവെന്ന് നിങ്ങൾക്ക് ഇവരെ പറയാം. ശിവബാബയെ കേവലം പിതാവാണെന്നേ പറയു. ഇതാണ് ബ്രഹ്മാബാബാ. മമ്മ ഗുപ്തമാണ്. ബ്രഹ്മാവാണ് അമ്മ എന്നാൽ ശരീരം പുരുഷന്റേതല്ലേ. ഇവർക്ക് സംരക്ഷണം ചെയ്യാൻ കഴിയില്ല അതുകൊണ്ടാണ് ശിവബാബ ഒരു പെൺകുട്ടിയെ ദത്തെടുത്തത്. മാതേശ്വരി എന്ന് പേരും വെച്ചു. ഹെഡ്ഡാക്കി മാറ്റുകയും ചെയ്തു. ഡ്രാമയനുസരിച്ച് ഒരു സരസ്വതിയെ ഉണ്ടാകുകയുള്ളു. ബാക്കി കാളി, ദുർഗ്ഗ എന്നെല്ലാം പല പേരുകളും ഉണ്ട്. അമ്മയും അച്ഛനും ഒന്നു തന്നെയല്ലേ ഉണ്ടാകുകയുള്ളു. നിങ്ങൾ എല്ലാവരും കുട്ടികളാണ്. പാടപ്പെടുന്നുണ്ട് ബ്രഹ്മാവിന്റെ പുത്രിയാണ് സരസ്വതി. നിങ്ങൾ ബ്രഹ്മാകുമാരൻമാരും ബ്രഹ്മാകുമാരിമാരുമാണ്. നിങ്ങൾക്കും ധാരാളം പേരുകളുണ്ട്. ഇതും നിങ്ങൾ നമ്പറനുസരിച്ച് മനസ്സിലാക്കുന്നു. പഠിപ്പിലും നമ്പർവാറാണല്ലോ. ഒരാളെ പോലെ അടുത്ത ആൾ ഉണ്ടാകില്ല. ഇപ്പോൾ രാജധാനിയുടെ സ്ഥാപന നടക്കുകയാണ്. ഇതും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്. ഇതിനെ വിസ്താരമായി മനസ്സിലാക്കണം. വളരെയധികം പോയിന്റുകൾ ഉണ്ട്. വക്കീലാകാൻ പഠിച്ചാലും അതിലും നമ്പർവാറാണല്ലോ. ചില വക്കീൽമാർ 2–3 ലക്ഷം സമ്പാദിക്കുന്നവരുണ്ട്. ചിലരാണെങ്കിൽ കീറിയ കോട്ട് ഇടുന്നവരും ഉണ്ടാകും. ഇതിലും അതുപോലെയാണ്. അതിനാൽ കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് ഇത് വിശ്വ വ്യാപകമായ കോലാഹലമാണ്. ഇപ്പോൾ നിങ്ങൾ എല്ലാവർക്കും നിശ്ചിന്തമാകാൻ പഠിപ്പിച്ചു കൊടുക്കുകയാണ്. യുദ്ധം തീർച്ചയായും നടക്കും. ദൈവീക രാജധാനിയുടെ സ്ഥാപന വീണ്ടും നടക്കുകയാണ് എന്ന പെരുമ്പറ മുഴക്കണം. അനേക ധർമ്മങ്ങളുടെ വിനാശവും ഉണ്ടാകും. എത്ര സ്പഷ്ടമാണ്. പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് രചനകൾ

രചിക്കപ്പെടുന്നത്. അതുകൊണ്ടാണ് പറയുന്നത് നിങ്ങൾ എന്റെ മുഖവംശാവലികളാണെന്ന്. നിങ്ങൾ മുഖ വംശാവലി ബ്രാഹ്മണരാണ്. അവർ കുഖ വംശാവലി ബ്രാഹ്മണരാണ്. അവർ പൂജാരികളാണ്, നിങ്ങൾ ഇപ്പോൾ പൂജ്യരായി മാറുകയാണ്. നിങ്ങൾക്കറിയാം നമ്മൾ പൂജ്യ ദേവതകളായി മാറുകയാണ്. നിങ്ങളുടെ മുകളിൽ ഇപ്പോൾ പ്രകാശത്തിന്റെ കിരീടമില്ല. എപ്പോഴാണോ ആത്മാവ് പവിത്രമാകുന്നത് അപ്പോൾ ശരീരം വിട്ട് പോകും. ഈ ശരീരത്തിൽ നിങ്ങൾക്ക് പ്രകാശത്തിന്റെ കിരീടം തരാൻ കഴിയില്ല, ശോഭിക്കില്ല. ഈ സമയത്ത് നിങ്ങൾ മഹിമക്ക് യോഗ്യരാണ്. ഈ സമയത്ത് ഒരു ആത്മാവും പവിത്രമല്ല, അതുകൊണ്ട് ആർക്കും പ്രകാശത്തിന്റെ കിരീടമില്ല. പ്രകാശത്തിന്റേത് സത്യയുഗത്തിലുണ്ടാകും. രണ്ട് കല കുറഞ്ഞവർക്ക് പോലും ഈ പ്രകാശത്തിന്റേത് കൊടുക്കരുത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) അന്തിമത്തിലെ വിനാശത്തിന്റെ കാഴ്ചകളെ കാണുന്നതിന് തന്റെ സ്ഥിതിയെ അചഞ്ചലവും നിർഭയവുമാക്കി മാറ്റു. ദേഹിഅഭിമാനിയാകുന്നതിന് പരിശ്രമം ചെയ്യണം.

2)പുതിയ രാജധാനിയിൽ ഉയർന്ന പദവി നേടുന്നതിന് പഠിപ്പിൽ പൂർണ്ണമായ ശ്രദ്ധ കൊടുക്കണം. പാസ്സായി വിജയമാലയിലെ മണിയാകണം.

### വരദാനം:- സദാ ഭഗവാന്റെയും ഭാഗ്യത്തിന്റെയും സ്മൃതിയിലിരിക്കുന്ന സർവ്വശ്രേഷ്ഠ ഭാഗ്യവാനായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ചൈതന്യ സ്വരൂപത്തിൽ ഭഗവാൻ കുട്ടികളുടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഭക്തിമാർഗ്ഗത്തിൽ എല്ലാവരും ഭഗവാന്റെ സേവനം ചെയ്യുന്നു, എന്നാൽ ഇവിടെ ചൈതന്യ പ്രമാണിമാരുടെ സേവനം സ്വയം ഭഗവാൻ ചെയ്യുന്നു. അമൃതവേളയിൽ എഴുന്നേൽപ്പിക്കുന്നു, ഭോഗ് വെപ്പിക്കുന്നു, ഉറക്കുന്നു. പാട്ട് കേട്ട് ഉറങ്ങുകയും പാട്ട് കേട്ട് എഴുന്നേൽക്കുകയും ചെയ്യുന്ന, അങ്ങനെയുള്ള ഓമനകളും സർവ്വശ്രേഷ്ഠ ഭാഗ്യവാന്മാർ നമ്മൾ ബ്രാഹ്മണരാണ്- ഈ ഭാഗ്യത്തിന്റെ സന്തോഷത്തിൽ സദാ ആടിക്കൊണ്ടിരിക്കൂ. ബാബയുടെ മാത്രം ഓമനകളാകൂ, മായയുടെയല്ല. ആര് മായയുടേതായി മാറുന്നുവോ അവർ വല്ലാതെ കുട്ടിക്കളി കളിക്കുന്നു.

### സ്ലോഗൻ:- തന്റെ സന്തോഷം കൊണ്ട് വിടർന്ന മുഖത്തിലൂടെ സർവ്വപ്രാപ്തികളുടെ അനുഭൂതി ചെയ്യിപ്പിക്കുക- ഇത് സത്യമായ സേവനമാണ്.

**അവ്യക്ത സൂചനകൾ- അശരീരി അഥവാ വിദേഹി സ്ഥിതിയുടെ അഭ്യാസം വർദ്ധിപ്പിക്കൂ.**
അശരീരിയാകുക എന്നാൽ ശബ്ദത്തിന് ഉപരി പോകുക. ശരീരം ഉണ്ടെങ്കിൽ ശബ്ദമുണ്ട്. ശരീരത്തിന് ഉപരി പോകൂ എങ്കിൽ നിശ്ശബ്ദതയാണ്. ഒരു നിമിഷത്തിനുള്ളിൽ സേവനത്തിന്റെ സങ്കല്പത്തിൽ വരൂ, അടുത്ത സെക്കന്റിൽ സങ്കൽപത്തിന് ഉപരി സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ. കാര്യങ്ങൾക്ക് വേണ്ടി ശരീരബോധത്തിൽ വരൂ പിന്നെ സെക്കന്റിനകം അശരീരിയാകൂ, എപ്പോൾ ഈ അഭ്യാസം പക്കാ ആകുന്നുവോ അപ്പോൾ സർവ്വ പരിതസ്ഥിതികളെയും നേരിടാൻ സാധിക്കും.